


# ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് കടിക്കാട്

little KITEs

ഇത്

'ഇ'തളുകളാണ്.

അഥവാ ഇലക്ട്രോണിക് താളുകൾ.....

വിരൽ തുമ്പാൽ

അത്ഭുതം വിരിയിക്കാൻ

ഈ താളുകളിലേക്ക്

നിങ്ങളെ

സാദരം ക്ഷണിക്കുന്നു....

<u>സന്ദേശം</u>



വിദ്യാലയമുറ്റത്തുനിന്നും  പറന്നുയരുന്ന പട്ടങ്ങളായ ലിറ്റിൽ  കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാസികയുടെ രണ്ടാം ലക്കത്തിനായി ഏറെ പ്രതീക്ഷകളോടെ കാത്തിരിക്കുന്നു. 'ഇതൾ' എന്ന പേരിൽ പുറത്തിറങ്ങുന്ന മാസികയ്ക്കും അതിനുവേണ്ടി അനവരതം പ്രവർത്തിക്കുന്നവർക്കും വിജയാശംസകൾ നേരുന്നു.

പ്രധാനാദ്ധ്യാപിക<br>
ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂൾ<br>
കടിക്കാട്<br>
പുന്നയൂർക്കുളം

# Message




It is very happy to know that the 'Little Kites' of our school is launching a digital magazine under the name "ethal". My best wishes and good appreciation for their attempt. I once again congratulate the whole team of G .H. S. S. Kadikkad for the work.

Principal
G .H. S. S. Kadikkad
Punnayurkulam

## ഈ താളുകളിൽ


ഇത്....2
'ഇ'തളുകളാണ്....2
വിദ്യാലയ ജീവിതം....6
അമ്മയെന്ന മനസ്സ്....7
കിനാവുകൾ....7
കണ്ണീർതുള്ളികൾ....8
പൊട്ടിയ ചരടിലെ പട്ടം....9
അമ്മനിലാവ്....13
My parents....14
മരിക്കുന്ന ഭൂമി....15
സാക്ഷി....15
*ആദ്യം കുളങ്ങളിൽ പായലുകളായിരുന്നു*....17
Shadow....18
ചങ്ങാതി....19
എന്റെ പ്രകൃതി....19
നിലാവ്....20
....21
മഴ....21
*സൗഹൃദം*....22
ടിപ്പു സുൽത്താന്റെ നാട്ടിൽ....23
കാലം, കോലം....28
....28
വിദ്യാലയം....28
ജനാല....29
*Flowers and Butterfly*....32
അച്ഛൻ....33
....34
"ഒരു ചെറു കഥ "....34
വിഭവ സമൃദ്ധികളോടെ ശാസ്ത്ര സദ്യ....36
വേട്ടക്കാരൻ....39
കേരളം....39

# വിദ്യാലയ ജീവിതം

എന്നുമെന്റെ മനസ്സിനുള്ളിൽ
മരിക്കാതെ കിടക്കുന്ന
ഓർമ്മകളിലൊന്നാണെൻ
വിദ്യാലയ ജീവിതം

അക്ഷരമുറ്റത്തെ അറിവിനെ തേടി ഞാൻ
പിച്ചവെച്ചു നടന്നതെൻ സ്കൂളിലേയ്ക്ക്
സ്കൂൾ ബസ്സ് നിറുത്തുന്ന
ശബ്ദം കേൾക്കുമ്പോൾ
ഓടിയൊളിക്കുമെന്നെ
വാരിപ്പുണർന്നമ്മ
ബസ്സിൽ കയറ്റുമ്പോൾ
അലറിവിളിച്ചു ഞാൻ
കരഞ്ഞിടുന്നു

ഇണങ്ങി പിണങ്ങി ഞാൻ
കൂട്ടുകാരോടൊത്ത്  രസിച്ചീടുന്നു
കാലങ്ങളേറെ പഠിച്ചു വളർന്നു ഞാൻ
ഓരോ ചുവടും കടന്നിടുന്നു
എന്നുമെന്റെ മനസ്സിനുള്ളിൽ
മരിക്കാതെ കിടക്കുന്ന
ഓർമ്മകളിലൊന്നാണെൻ
വിദ്യാലയ ജീവിതം

*ദിയ ഷെറിൻ*

# അമ്മയെന്ന മനസ്സ്

അമ്മയെന്ന കാരുണ്യമാം ജീവനെ
നന്മയിലാഴ്ത്തിവളർത്തിയ
മക്കളെക്കാണവാൻ വല്ലാതെ
ആശിച്ചൊരെന്മനസ്സ്
നന്നായി പഠിപ്പിച്ച
വളർത്തിയ നന്മയെ
എത്തിനോക്കവാനൊട്ടനേരമില്ല
നിത്യവുമെന്നമൂട്ടി വളർത്തിയ കൈകളിൽ
യാചനാപാത്രമിന്ന നിത്യസത്യമായി
സ്വപ്നങ്ങൾ കണ്ട് ചിരിക്കുന്നൊരമ്മയെ
മാറോട്ടചേർക്കവാൻ ആരുമില്ലീലോകത്ത്
അമ്മവാത്സല്യം മക്കളിലെത്തുമ്പോ-
ളാമനസ്സം നന്മയാലുജ്ജ്വലിക്കും

# കിനാവുകൾ

നിലാവിൽ ഉറങ്ങുമെൻ മനസ്സിൽ
തെളിയും പലതരം കിനാവുകൾ
പറയാൻ ശ്രമിക്കുമ്പോൾ പകലിൽ
മറയുന്ന ഓർമയിൽ നിന്നും കിനാവുകൾ
കിനാവുകളിൽ പലതും സത്യം
ചൊരിയും കിനാവുകൾ സത്യം
പേടിപ്പിക്കും പല ചിന്തകൾ നീ
സന്തോഷമേകി പല ഓർമകൾ നീ
നൊമ്പരമാകും ചിന്തകളെന്നിൽ
നോവുകൾ മാറ്റും ചില നേരം
നീ പറയും കിനാവുകൾ
എനിക്ക് നൽകി പുതുജന്മം

അഭയ ഒ. ജെ.

8 എ

# കണ്ണീർതുള്ളികൾ

*തേങ്ങിക്കരയുമ്പോഴും കൂട്ടിനു വന്നു നീ*
*കരയുമ്പോഴും സൗന്ദര്യം നൽകി നീ*
*തോരാത്ത കണ്ണീരായി മാറി വരുന്നു നീ*
*വിഷമത്തിന് തണലായ മാറി വന്നു നീ*

*ചോര പൊഴിയുമ്പോൾ കണ്ണീർ നനച്ചില്ലയോ*
*ദേഹത്തെവിടെയോ  ഒളിച്ചിരിക്കുകയല്ലയോ*
*ജനിക്കുന്ന കുഞ്ഞിന് കണ്ണീരായി വന്നു നീ*
*രോഗബാധിധർക്ക് കൂട്ടിനു വന്നത് നീയല്ലയോ*
*മരിക്കുമ്പോഴും മനുഷ്യന്റെ മനസ്സിൽ പുഴയായി ഒഴുകുന്നു*

*അതി സന്തോഷത്തിലും അതിഥിയായി വരും നീ*
*അതി സങ്കടത്തിലും കൂട്ടിനായ് വരും നീ*
*മനസ്സിൽ കുളിർമ്മയേകും വരെ നിഴലായ് കൂടെയുണ്ടാകും നീ*
*സന്തോഷമെന്നോ, വിഷമമെന്നോ, ദേഷ്യമെന്നോ*
*അറിയാത്ത കാലം തൊട്ട് ഇടയ്ക്കിടെ വന്നു പോയില്ലേ നീ*
*എപ്പോഴും തണലായി നീയുണ്ടാവാറില്ലയോ.........*

ഫാത്തിമ വി. എസ്.

8 ഇ

# പൊട്ടിയ ചരടിലെ പട്ടം

കഥ — വിഷ്ണു സി വി 10D

അഞ്ചുമണിക്കുള്ള 'മുംബൈ എക്സ്പ്രസ്' അലറിക്കരഞ്ഞുകൊണ്ട് സ്റ്റേഷനിൽ വന്നു നിന്നു.

"അമ്മേ.., വാ പോകാം....." ഹോട്ടലിന് പിറകിലെ ടാപ്പിൻചുവട്ടിൽ പാത്രങ്ങൾ കഴുകിയൊതുക്കാൻ പാടുപെടുന്നതിനിടയിൽ ബാബുക്കുട്ടന്റെ വിളി അവൾ കേട്ടു.

"അങ്ങോട്ടു മാറിനിൽക്കെടാ ചെക്കാ......അവന്റൊരു......" പിന്നാലെ ഹോട്ടലുടമയുടെ ആക്രോശം....

പണികൾ തീർത്ത് ഹോട്ടലുടമയുടെ പതിവു ശകാരവും പിശുക്കിക്കുറച്ച ദിവസക്കൂലിയും വാങ്ങി അവൾ ധൃതിയിൽ പുറത്തിറങ്ങിയപ്പോൾ ഒരു മൂലയിൽ കുനിക്കൂടിയിരിക്കുകയായിരുന്നു അവൻ. അവിടവിടെ പൊട്ടിത്തുടങ്ങിയ സ്കൂൾ ബാഗ് നെഞ്ചോടു ചേർത്തു പിടിച്ചിരിക്കുന്നു. കീറലുകൾ തുന്നിക്കൂട്ടിയ യൂനിഫോം ഷർട്ട് വല്ലാതെ മുഷിഞ്ഞിരിക്കുന്നു. മഴ കാരണം ഇന്നലെയും അലക്കിയിടാൻ പറ്റിയില്ല....

"വാ കുട്ടാ പോകാം....." അവൾ ഓടിച്ചെന്ന് അവനെ കൈക്ക് പിടിച്ച് എഴുന്നേൽപ്പിച്ചു.

റെയിൽവേയുടെ പുറംപോക്ക് ഭൂമിയിൽ പഴയ ഇരുമ്പ് ഷീറ്റുകളും ടാർ പായകളും ഉപയോഗിച്ച് കെട്ടിയുണ്ടാക്കിയ അനേകം കൂരകളിലൊന്നിലേക്ക് നടക്കുന്നതിനിടയിൽ പതിവുപോലെ അവൻ അവന്റെ ആവശ്യങ്ങളിലൊന്ന് പൊതിയഴിച്ചു: "അമ്മേ..., ഞങ്ങടെ മൂന്നാം ക്ലാസിലെ ആൺകുട്ടികൾക്കെല്ലാർക്കും ഷൂസുണ്ട് ..... ഇന്ന് അരുണും ഫസലും പുതിയ ഷൂസിട്ട് വന്നു...അമ്മ ഷൂസ് വാങ്ങിത്തരാന്ന് പറഞ്ഞിട്ട് ന്നെ പറ്റിക്കാണല്ലേ...." അവൾ അവന്റെ മുഖത്ത് നോക്കാതെ ചിരിക്കാൻ ശ്രമിച്ചു....

"അച്ഛൻ വരട്ടെ...." അവൻ പിണങ്ങിയെന്നവണ്ണം അവളെ വിട്ട് വേഗത്തിൽ നടന്നു: "അമ്മ നോക്കിക്കോ... അച്ഛനെനിക്ക് എല്ലാം വാങ്ങിത്തരും......."

അവന് അച്ഛനെ കണ്ട ഓർമ്മ പോലുമില്ല. ആറു വയസ്സുള്ളപ്പോൾ അവനെ

നെഞ്ചോടു ചേർത്തുപിടിച്ച് ഇതേ സ്റ്റേഷനിൽ നിന്ന് യാത്രയയച്ചതാണ് അയാളെ അവൾ. ഇപ്പോൾ വർഷങ്ങൾ ഏഴ് കഴിഞ്ഞു. ഇതുവരെ അയാളെക്കുറിച്ച് ഒരു വിവരവുമില്ല.

അവളുടെ പഴയ ഇരുമ്പുപെട്ടിയിൽ സൂക്ഷിച്ചുവെച്ച ആ പഴയ ഫോട്ടോ ആണ് അച്ഛനെക്കുറിച്ചുള്ള അവന്റെയെല്ലാം. ഇടയ്ക്ക് ചില രാത്രികളിൽ മണ്ണെണ്ണ വിളക്കിന്റെ മഞ്ഞച്ച വെളിച്ചത്തിൽ അച്ഛന്റെ ഫോട്ടോയിലേക്ക് ഇമ വെട്ടാതെ നോക്കിക്കിടക്കുമ്പോൾ അവന്റെ മുടിയിഴകളിൽ തലോടി അവൾ ആശ്വസിപ്പിക്കും: “വരും.....ഒരു ദിവസം മോന്റച്ചൻ മോനെക്കാണാൻ വരും.......എന്നിട്ട് നമ്മളെല്ലാരും കൂടി അച്ഛന്റെ ജോലിസ്ഥലത്തേക്ക് പോകും........”

“അമ്മേ ദേ നോക്ക്........” പെട്ടെന്ന് അവന്റെ ആഹ്ലാദസ്വരം അവളെ ഉണർത്തി: “ഒരു പട്ടം.......”

വർണ്ണക്കടലാസുകൾ കൊണ്ടുണ്ടാക്കിയ വലിയൊരു പട്ടം റെയിൽവേ ട്രാക്കിൽ കിടക്കുന്നു. എവിടെനിന്നോ നൂലുപൊട്ടി വന്നു വീണതാണ്.

“അമ്മേ ഞാനതെടുക്കട്ടേ....” അവൻ റെയിൽവേ ട്രാക്കിലേക്കോടി.

"സൂക്ഷിക്കണേ കുട്ടാ......” അവൾ പിന്നാലെ ചെന്നു.

അവൻ പട്ടവുമായി വന്നു. സ്കൂൾ ബാഗ് നിലത്ത് വെച്ച് അതിൽ നിന്ന് മുഷിഞ്ഞ ഒരു നൂലുണ്ട തപ്പിയെടുത്തു.

"ഞാനിതൊന്ന് പറത്തി നോക്കീട്ട് വരാം... അമ്മ പൊക്കോ......" അവൻ ബാഗ് അവളുടെ കയ്യിലേൽപ്പിച്ചു.

"ഞാൻ ചായയുണ്ടാക്കി വെയ്ക്കാം.....അപ്പോഴേയ്ക്കും വരണം..." അവൾ കുടിലിലേക്ക് നടന്നു.

കയ്യിലുണ്ടായിരുന്ന കടലാസുപൊതിയഴിച്ച് തണുത്തുമരവിച്ച പഴംപൊരിയെടുത്ത് പാത്രത്തിൽ അടച്ചുവെച്ചു. ഹോട്ടലിൽനിന്ന് അവനുവേണ്ടി കൊണ്ടുവരുന്നതാണ്.....

മണ്ണെണ്ണ സ്റ്റൗ കത്തിച്ച് ചായയുണ്ടാക്കിക്കൊണ്ടിരുന്നപ്പോൾ അവൻ വിളിച്ചു പറയുന്നതുകേട്ടു: "അമ്മേ, നൂലു പൊട്ടി... പട്ടം പോയി... ഞാൻ നോക്കീട്ട് ഇപ്പൊ വരാം...."

അവൾ പുറത്തേക്ക് തലയിട്ട് നോക്കിയപ്പോൾ അവൻ റെയിൽവേ സ്റ്റേഷനു നേർക്ക് ഓടിപ്പോകുന്നത് കണ്ടു.....

കുറച്ചുനേരം കഴിഞ്ഞിട്ടും അവനെ കാണാതിരുന്നപ്പോൾ അവൾ പുറത്തിറങ്ങി നിന്നു. അവൻ ഓടിക്കിതച്ചുകൊണ്ട് വന്നു. കയ്യിൽ പട്ടം ഉണ്ടായിരുന്നില്ല...

"അമ്മേ, അമ്മേ........." അവളുടെ രണ്ടുകൈകളിലും പിടിച്ചുലച്ചുകൊണ്ട് അവൻ സംസാരിക്കാൻ പണിപെട്ടു: "അച്ഛൻ..... ദാ അവിടെ... വേഗം വാ......"

അവൻ അവളുടെ കൈക്ക് പിടിച്ചുവലിച്ചുകൊണ്ട് റെയിൽവേ സ്റ്റേഷനു നേർക്ക് ഓടി.

"ഫോട്ടത്തിൽ കാണുന്നത് പോലെത്തന്നെ......" ഓട്ടത്തിനിടയിൽ അവൻ പറഞ്ഞുകൊണ്ടിരുന്നു.

അവളുടെയുള്ളിൽ വലിയൊരു തിരമാല രൂപം കൊണ്ടു. അത് വലിയ ശബ്ദത്തിൽ അലയടിക്കാൻ തുടങ്ങി....

മുംബൈയിൽനിന്നും കോഴിക്കോട്ടേക്ക് പോകുന്ന വണ്ടി വന്നതിന്റെ തിരക്കായിരുന്നു പ്ലാറ്റ്ഫോമിൽ. ആളുകൾക്കിടയിലൂടെ തിക്കിത്തിരക്കി അവൻ അവളേയുംകൊണ്ട് ആ പഴക്കടയ്ക്കരിലെത്തി.

പാന്റ്സും ടീഷർട്ടും ധരിച്ച ഒരാൾ കടക്കാരനുമായി ആപ്പിളിന് വില പേശിക്കൊണ്ടു നിന്നിരുന്നു.

അവളുടെ ഹൃദയമിടിപ്പ് കൂടിക്കൂടിവന്നു.

അവരുടെ സാന്നിധ്യം അറിഞ്ഞെന്ന വണ്ണം, അയാൾ പെട്ടെന്ന് തിരിഞ്ഞുനോക്കി.

അവൾ കണ്ടു; അയാൾ, അയാൾ, അയാൾ................

അവളുടെ മുഖത്ത് ആഹ്ലാദത്തിന്റെ ഒരു കരച്ചിൽ പൊട്ടിവിടരാൻ തുടങ്ങവെ, അയാളുടെ കണ്ണുകൾ ഒരു ഞെട്ടലിൽ പിടയുന്നതും മുഖത്ത് പരിഭ്രമം പടരുന്നതും അവൾ കണ്ടു.

"അച്ഛാ..." പച്ച ഫ്രോക്കിട്ട ഒരു കൊച്ചു പെൺകുട്ടി ഓടി വന്ന് അയാളുടെ കാലുകളിൽ കെട്ടിപ്പിടിച്ചു: "ആ പാവക്കുട്ടി വാങ്ങിത്താ......."

"മോളേ...." മഞ്ഞ കലർന്ന നീല സാരി ചുറ്റിയ ഒരു സ്ത്രീ കുട്ടിയുടെ പിന്നാലെ ഓടി വരുന്നുണ്ടായിരു ന്നു: "വീഴും....."

പൊടുന്നനെ അയാൾ കുട്ടിയെ വാരിയെടുത്ത് ധൃതിയിൽ തിരിഞ്ഞുനടന്നു ഒപ്പം ആ സ്ത്രീയും. സെക്കന്റു കൾക്കകം പ്ലാറ്റ്ഫോമിലെ ആൾത്തിരക്കിൽ അവർ മറഞ്ഞു....

അവൾ ബാബുക്കുട്ടന്റെ കൈയിൽ മുറുകെ പിടിച്ചു.

"മോനേ..." അവളുടെ സ്വരം ഒട്ടും പതറിയിരുന്നില്ല: "അത് പൊയ്ക്കോട്ടെ..... മോന് അമ്മ പുതിയൊരു പട്ടം ഉണ്ടാക്കിത്തരാം......"

അവൾ തിരിഞ്ഞുനടന്നു.

●

# അമ്മനിലാവ്

ദേവിക കെ. പി.
8 എ

നിലാവിൽ മിന്നിത്തിളങ്ങുന്ന
നക്ഷത്രങ്ങളെപ്പോൽ
നിൻ മുഖം പുഞ്ചിരിപ്പൂ
പ്രഭാത മഞ്ഞുതുള്ളിപോൽ
നിൻ മുഖം വിടർന്നു
മുടിയിൽ തുളസിക്കതിർ ചൂടി
നിൽക്കുമീമുമ്മറത്ത്
തീവ്രസ്നേഹമായ്
എന്നുമീയുമ്മറത്ത്
അമ്മതൻ ആനനത്തിൽ
വിടരുമാ പുഞ്ചിരി
അമ്മതൻ നേത്രത്തിൽ
കാണുമാ കാരുണ്യം
അമ്മതൻ മോഹങ്ങൾ
ഉള്ളിലൊതുക്കി തൻ മക്കളെ
നോക്കി വളർത്തുമമ്മയാം
വാത്സല്യ പൂനിലാവ്

# *My parents*

They are my life
They are my light
He is my first partner
She is my  first teacher

In every time of my life

They were always with me
All My Happiness and Sadness
....I share with Them

First I born
They will be happy
And I always happy

In My childhood

They Teach me all
about the whole world

In my old age
I teach my children
all about, They teach Me
In this world
*THEY ARE MY PARENTS*

**Hiba Sherin K.J.**
**VIII E**

# സാക്ഷി

*വായനക്കുറിപ്പ്*

ഐശ്വര്യ എം. എസ്.
9 എ

സമൂഹത്തോടുള്ള തന്റെ ഉത്തരവാദിത്തം ഒരിക്കലും വിസ്മരിക്കാത്ത എഴുത്തുകാരനാണ് സി. വി. ശ്രീരാമൻ. മനുഷ്യന്റെ ധർമ്മസങ്കടങ്ങളും ആത്മവേദനകളുമാണ് അദ്ദേഹം തന്റെ രചനകളിൽ അവതരിപ്പിക്കുന്നത്. സാക്ഷി എന്ന കഥ ഇതിനുദാഹരണമാണ്. സർക്കാരാഫീസാണ് ഈ കഥയുടെ പശ്ചാത്തലം. മാര്യേജ് സർട്ടിഫിക്കറ്റിനുവേണ്ടി ദിവസങ്ങളായി ഓഫീസിൽ കയറിയിറങ്ങുകയാണ് ഈ കഥയിലെ പ്രധാന കഥാപാത്രമായ ഉമ.

പരസ്പരം ഇഷ്ടപ്പെട്ട്, ഒരുമിച്ച് ജീവിക്കാൻ തയ്യാറായി വിവാഹം രജിസ്റ്റർ ചെയ്തവരാണ് ഉമയും പരമേശ്വരനും. നാളുകൾക്കുശേഷം ബന്ധം വേർപിരിയാൻ തീരുമാനിച്ച ഭർത്താവ്, ഉമയുമായി വിവാഹം നടന്നിട്ടില്ലെന്ന് കോടതിയിൽ വാദിക്കുന്നു. എന്നാൽ വിവാഹം നടന്നിട്ടുണ്ടെന്ന് സ്ഥാപിക്കണമെങ്കിൽ തെളിവായി അവൾക്ക് മാര്യേജ് സർട്ടിഫിക്കറ്റ് വേണം. അതിനുവേണ്ടിയാണ് ഉമ ഗുജറാത്തിൽനിന്ന് ഇവിടെ വന്നതും ടൗൺഷിപ് ഓഫീസിൽ കയറിയിറങ്ങുന്നതും.

ദിവസങ്ങൾ നീണ്ട കാത്തിരിപ്പിനുശേഷം മുതിർന്ന ഓഫീസറുടെ നിർദേശപ്രകാരം രജിസ്റ്റർ തിരഞ്ഞു കണ്ടുപിടിക്കുന്നുണ്ടെങ്കിലും അവൾക്ക് സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല. സേവനം ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥനിൽ നിന്നും അവൾക്ക് കിട്ടിയ മറുപടി ഇപ്രകാരമായിരുന്നു.

"രജിസ്റ്റർ കിട്ടി. പക്ഷേ, നിങ്ങളുടെ മാര്യേജ് രജിസ്റ്റർ ചെയ്തതായി ഈ രജിസ്റ്ററിൽ ഇല്ല."

അതുകേട്ട് തളയ്ക്കപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടത്തോടെ അവൾ അയാളെ നോക്കിനില്ക്കുന്നു.

ബ്യൂറോക്രസി വ്യക്തി ജീവിതത്തെ എപ്രകാരം തകർക്കുന്നു എന്നതിന്റെ ഒരു ദുരന്ത ചിത്രമാണ് സാക്ഷി എന്ന കഥയിലൂടെ കഥാകൃത്ത് വരച്ചുകാട്ടുന്നത്. സമകാലിക സ്ത്രീത്വം നേരിടുന്ന അപമാനങ്ങളും ഉമ അനുഭവിക്കുന്നുണ്ട്. ഒരു വിഭാഗം ആളുകൾ അവളെ ചീത്ത സ്ത്രീയായിട്ടാണ് ചിത്രീകരിക്കുന്നത്. പണത്തിനു മീതെ പരുന്തും പറക്കില്ല എന്ന ചൊല്ലിനെ അന്വർത്ഥമാക്കും വിധമുള്ള പ്രവൃത്തികളും ഓഫീസിൽ നടന്നിട്ടുണ്ട്. ഉമയുടെ ഭർത്താവ് ഓഫീസിൽ വന്നതും രജിസ്റ്ററിലെ പേജുകൾ കാണാതാവുന്നതും ചേർത്തുവായിക്കുമ്പോൾ പണാധിപത്യത്തിന്റെ വിജയം കഥയെ മാറ്റിമറിച്ചതായി കാണാം, ഒപ്പം ഉമയുടെ ജീവിതവും.

●

## ആദ്യം കുളങ്ങളിൽ പായലുകളായിരുന്നു......

ആദ്യം കുളങ്ങളിൽ
പായലുകളായിരുന്നു......
പക്ഷേ, ഇപ്പോഴിതാ
പായലുകൾക്കുപകരം
ആ രാക്ഷസന്മാർ
നിലത്തു വീണുകിടക്കുന്ന
ഇലകളെപ്പോലെയവർ
അനങ്ങാതെ ചിലർ
ചിലർ കാറ്റിൽ പാറിനടക്കുന്നു
നിലത്തൊരു കുഴി കുഴിച്ചാൽ
മണ്ണിരകൾക്കുപകരം
ആ രാക്ഷസന്മാർ
ദ്രവിക്കാതെ, നശിക്കാതെയവർ
ഭൂമിയെ....മനുഷ്യരെ.....
കാർന്നുതിന്നുന്നു
അവർ ആ രാക്ഷസന്മാർ.....

**വിഷ്ണു സി. വി.**

***10 ഡി***

# *Shadow*

She is my best friend
She is always with me
She follows me
When I went to a place

She is my light
When I beat her
She did not react

When I ask Question
She didn't Reply
And she is my Shadow.

**Hamna Sherin K.J.**
**5 B**

## ചങ്ങാതി

മഞ്ഞുനിറഞ്ഞൊരു മലയിലേയ്ക്ക്
ചങ്ങാതിയെ നീ പോരുന്നോ
പൂക്കൾ നിറഞ്ഞൊരു താഴ്വരയിലേയ്ക്ക്
ചങ്ങാതീ നീ പോരുന്നോ
സ്വർണ്ണനിറമുള്ള പാടത്തേയ്ക്ക്
ചങ്ങാതിയെ നീ പോരുന്നോ

**ദേവ**

## എന്റെ പ്രകൃതി

പച്ചപുതച്ച നെൽപ്പാടത്ത് കാണുന്ന
വെള്ള കൊക്കിനെ കാണുവാനെന്തു ഭംഗി
ഒഴുകുന്ന തോടിന്റെ ഓളങ്ങളെ
നോക്കി നിൽക്കുവാ നൊന്തു ഭംഗി
നീളെ ആകാശത്തു തിങ്ങി നിൽക്കുന്ന
പൊൻ മേഘത്തിനെന്തൊരു ഭംഗി
എന്റെ കൊച്ചു പ്രകൃതിയിലുണ്ടൊരു
കേര മരതകതോപ്പും
ഒരുപാട് സ്നേഹിച്ചു ഞാനെൻ പ്രകൃതിയെ
പ്രകൃതിയെ ഞാൻ കണ്ടു രസിച്ചുനിൽപൂ

**ആദ്യശ്രീ**

**സി 5**

# നിലാവ്

നന്ദന പി. എം.

10 എ

ഒരുനാൾ പാതിരാവിൽ മയക്കം
എന്നെ തിരിഞ്ഞുനോക്കാതെക്കിടക്കവേബോൾ
അവനെ ആദ്യമായ് കണ്ടു ഞാൻ
കണ്ടാനിമിഷം മുതൽത്തന്നെ
ഇടനെഞ്ചിൻ മിടിപ്പ് കൂടി വന്നു
അറിയാതെത്തന്നെ ഞാനവന്റെ
സുഹൃത്തായിത്തീർന്നു.
പിന്നെ ഓരോനാൾ കഴിയും തോറും
അകലാൻ കഴിയാത്തവിധം
സുഹൃത്തുക്കളായിത്തീർന്നു
അവനായിരുന്നു അത്
ഇരുളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന
നിലാവ്

# മഴ

തുലാം എത്തും നേരത്ത് എൻ മുന്നിലായെത്തും
പകലിൻ തിളക്കം മഞ്ഞങ്ങുപോകും
ഇരുട്ടെന്റെ വീടിൻെറ മുന്നിലായ് വലം വെച്ചു
അത്രയ്ക്കു സങ്കടം വന്നുമെൻ മുഖത്തായ്
വർണ്ണങ്ങൾ നിറയ്ക്കുന്ന പൂക്കളും മാഞ്ഞു
വർണ്ണങ്ങളായുള്ള മഴവില്ല് വന്നു
വർണ്ണങ്ങളിൽ നിറയാത്ത പൂക്കളാമഴ
ദിവസം കൂടുമ്പോളോ മഴ പകുതിയായി
എൻ മഴവെള്ള തുള്ളിച്ചാട്ടവുമങ്ങുനീങ്ങി
എന്തൊരത്ഭുതം ഈ പ്രകൃതി

**ജാസിൽ പി. എച്ച്.** **8 ഇ**

# സൗഹൃദം

സൗഹൃദത്തിൻ കളിചിരിയുമായി
നീണ്ടു നിൽക്കും പൂന്തോപ്പ്
കഥകളങ്ങനെ പറഞ്ഞുതീർക്കാൻ
ഒരുങ്ങിനിൽക്കും സൗഹൃദം
തനിച്ചിരിക്കുന്നതിനേക്കാളേറെ
ഒരുമിച്ചിരിക്കുന്ന കൂട്ടൊരുമ
ഇഷ്ടങ്ങളെല്ലാം പങ്കുവെച്ച്
തമാശകളെല്ലാം പറഞ്ഞുതീർക്കും
വിഷമമില്ല കൂട്ടിരിക്കാൻ
സങ്കടമില്ലീ കഥ പറയാൻ
വാശിയും വൈരാഗ്യവും
ഈ സൗഹൃദത്തിൽ കളിചിരിയേകും
എനിക്കിഷ്ട്ടമാണീ സൗഹൃദം
ഈ കളിചിരികളിൻ സൗഹൃദം

ഫാത്തിമ വി. എസ്

*8 ഇ*

# ടിപ്പു സുൽത്താന്റെ നാട്ടിൽ

**യാത്ര** **ഫിദ ഹസിൻ 10B**

2019 നവംബർ 21 രാത്രി 8 മണി.

ഞങ്ങളുടെ ബസ് റെഡിയായി നിൽക്കുകയാണ്. മണി മാഷും പ്രശോഭ് സാറും അവസാനവട്ട നിരീക്ഷണത്തിലാണ്. . ഞങ്ങളെല്ലാവരും ഇരുപ്പുറപ്പിച്ചുകഴിഞ്ഞു. രാഗി ടീച്ചറും നീതു ടീച്ചറും ഓരോ സീറ്റിലുമിരിക്കുന്നവരുടെ പേരും സ്ഥാനവുമെഴുതിയെടുക്കുകയാണ്. പി ടി എ വൈസ് പ്രസിഡന്റ് ബാബുവേട്ടൻ അകത്തു കയറാൻ തെയ്യാറെടുത്ത് ഡോറിനരികിൽ തന്നെയുണ്ട്.

കർണ്ണാടകയിലെ മൈസൂർ, കൂർഗ് എന്നിവിടങ്ങളിലേക്കാണ് യാത്ര. ദിവസങ്ങളായി മനസ്സിലി ട്ടുനടക്കുന്ന ശുഭ മുഹൂർത്തമാണ്....

ബസ് പതുക്കെ നീങ്ങിത്തുടങ്ങി. എല്ലാവരും ആർത്തുവിളിച്ചു.

പാട്ട്, പാട്ട്....... ആരോ വിളിച്ചു പറഞ്ഞു.

പാട്ടും ഡാൻസുമായി എത്രനേരം പോയെന്നറിയില്ല.

പെട്ടെന്ന് ഡാൻസ് നിർത്തി എല്ലാവരും ഷഹല ചൂണ്ടിക്കാണിച്ചിടത്തേയ്ക്ക് നോക്കി; പ്രശോഭ് സാർ മുണ്ട് കൊണ്ട് തലയിൽ വലിയൊരു കെട്ടുകെട്ടി മൂടിപ്പുതച്ച് ഇരുന്നുറങ്ങുന്നു. എല്ലാവരും മൽസരിച്ച് ഫോട്ടോയെടുത്ത് 'ഞങ്ങളുടെ ബസ്സിൽ പ്രേതം' എന്ന അടിക്കുറിപ്പോടെ വേണ്ടപ്പെട്ടവർക്കയച്ചു കൊടുത്തു.പിന്നെ സാറിനു ചുറ്റുമായി ഡാൻസ്. സാറ് ഉണർന്ന് ഒച്ച വെച്ചപ്പോൾ എല്ലാവരും ഓടി ഒന്നുമറിയാത്ത വരെപ്പോലെ സീറ്റിലിരുന്നു...

അപ്പോൾ വയനാട് ചുരം കയറാൻ വേണ്ടി ബസ് നിർത്തിയിട്ടിരിക്കുകയായിരുന്നു. ചുരം കയറുമ്പോ ഴേയ്ക്കും എല്ലാവരും നല്ല ഉറക്കമായി.

രാവിലെ കർണ്ണാടകയിലെ തെരുവോരങ്ങൾ കണ്ടുകൊണ്ടാണ് എല്ലാവരും ഉണർന്നത്.

എട്ടുമണിയോടെ ഞങ്ങൾ മൈസൂരിലെ ഹോട്ടൽ 'മെയ് ഫ്ലവറി'ൽ എത്തി. കുളിച്ച് ഡ്രസ്സുമാറ്റി ഭക്ഷണം കഴിച്ചു.

ശുകവനം പക്ഷിസങ്കേതത്തിലേക്കായിരുന്നു ആദ്യയാത്ര. വ്യത്യസ്ത തരം പക്ഷികൾ, ഓരോന്നിനും പ്രത്യേക നമ്പറുകൾ നൽകിയിരുന്നു. ഓരോ നമ്പറിലുമുള്ള പക്ഷികളെക്കുറിച്ചുള്ള വിവരങ്ങൾ എഴുതിപ്രദർശി പ്പിച്ചിരുന്നു.




സ്വതന്ത്രമായി പാറിനടക്കാൻ പറ്റുന്ന രീതിയിലായിരുന്നു അവയുടെ കൂടുകൾ ക്രമീകരിച്ചിരുന്നത്. ഓരോ പക്ഷിയെക്കുറിച്ചും പ്രശോഭ് സാറിന്റെ തത്സമയ വിവരണമുണ്ടായിരുന്നു.

മൈസൂർ പാലസ് എന്നറിയപ്പെടുന്ന വോഡയാർ രാജാക്കൻമാരുടെ കൊട്ടാര ത്തിലേക്കാണ് പിന്നീട് പോയത്. കൊട്ടാരത്തെ അതിന്റെ തനത് സ്വഭാവത്തിൽ സംരക്ഷിച്ചിരിക്കുന്നു. രാജാവിന്റെ സിംഹാസനവും വിളംബരസ്ഥലവുമെല്ലാം ഒന്നാന്തരം കാഴ്ചയായിരുന്നു. വലിയ പടിപ്പുര കടന്നെത്തുന്നത് വിശാലമായ ഗാർഡനിലേക്കാണ്. അതിനോട് ചേർന്നാണ് രാജസഭ കൂടുന്ന സ്ഥലം. എണ്ണമറ്റ ചിത്രത്തൂണുകളാണ് കൊട്ടാരം നിറയെ. ഓരോ ഹാളിലേയും സീലിങ്ങുകളിലും ചിത്രപ്പണികൾ ചെയ്തിരുന്നു.നല്ല വായുസഞ്ചാരം ലഭിക്കത്തക്കവിധത്തിൽ ശാസ്ത്രീയമായി ക്രമീകരിച്ചതായിരുന്നു വാതിലുകൾ. വെള്ളിയിലും ചെമ്പിലും തീർത്ത കൊത്തുപണികളായിരുന്നു വാതിലുകൾ നിറയെ. സ്വതവെ വിശാലമായ കൊട്ടാരത്തെ കൂടുതൽ വിസ്തൃതമാക്കുന്നതായിരുന്നു അവിടവിടെ സ്ഥാപിച്ചിരുന്ന കണ്ണാടികൾ. എല്ലാവരുംചേർന്നുള്ള ഒരു ഗ്രൂപ്പ്ഫോട്ടോയ്ക്ക് ശേഷമാണ് ഞങ്ങൾ പാലസിൽനിന്നിറങ്ങിയത്.

ഉച്ചയ്ക്ക് ശേഷമാണ് 'മൈസൂർ കടുവ' എന്നറിയപ്പെട്ടിരുന്ന ടിപ്പുസുൽത്താന്റെ വേന ൽക്കാല വിശ്രമസ്ഥലമായിരുന്ന സമ്മർ പാലസിൽ ഞങ്ങൾ എത്തിയത്. പഴയ കാലത്ത് ചെടികളുടെ ഇലകളും വേരുകളും ഉപയോഗിച്ച് ചുമരുകളിൽ തീർ ത്ത പെയിന്റിങ്ങുകളായിരുന്നു അവിടത്തെ പ്രധാന ആകർഷണം. സുൽത്താന്റെ പിതൃ പരമ്പരകളുടെയും സൈനിക വിന്യാസങ്ങളുടേയും യുദ്ധങ്ങളുടേയും കഥകൾ പറയു ന്നവ യായിരുന്നു അവയെല്ലാം. സുൽത്താൻ ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും ആഭര ണങ്ങളും ആയുധങ്ങളും അവിടെ പ്രദർശിപ്പിച്ചിരുന്നു.

ത്രിവേണി സംഗമത്തിലെത്തുമ്പോൾ സമയം ഏതാണ്ട് നാലുമണി യോടടുത്തിരുന്നു. ഗംഗ, യമുന, സരസ്വതി നദികളുടെ ആ സംഗമസ്ഥലം വളരെ മനോഹരമായിരുന്നു. നല്ല തിരക്കുണ്ടായിരുന്നു. വെറുതെ സന്ദർശകരായി എത്തി യവരും പുണ്യസ്നാനത്തിനായി വന്ന വിശ്വാസികളും അവിടം നിറച്ചു.

ലോകത്തിലെത്തന്നെ ഏറ്റവും മികച്ച മട്ടുപാവ് പൂന്തോട്ടങ്ങളി (terrace garden) ലൊന്നായി അറിയപ്പെടുന്ന വൃന്ദാവൻ ഗാർഡനിലായിരുന്നു അന്നത്തെ ഞങ്ങളുടെ അവസാന സന്ദർശനം. കാവേരി നദിക്ക് കുറുകെ സ്ഥാപിച്ച കൃഷ്ണരാജ സാഗര ഡാമിനോട് ചേർന്ന് ഡാമിന്റെ വൃഷ്ടിപ്രദേശത്തായിരുന്നു ഗാർഡൻ. ചെടി കളുടേയും പൂക്കളുടേയും സ്വർഗ്ഗമായിരുന്നു അത്. ഫോട്ടോ എടുക്കാനായിരുന്നു അ വിടെ എല്ലാവർക്കും താല്പര്യം.



ഡാമിന്റെ മറുവശത്തായിരുന്ന മ്യൂസിക്കൽ ഫൗണ്ടെയ്ൻ. ഡാമിലെത്തന്നെ ജലം ഉപയോഗിച്ച് വർണ്ണപ്രകാശങ്ങളുടെ അകമ്പടിയോടെ പ്രവർത്തിക്കുന്ന ജലധാര കളുടെ മനോഹരമായ ഉദ്യാനം. പാട്ടിനനുസരിച്ചാണ് ജലധാര. ആ ജലധാരക ളിൽ വ്യത്യസ്ത നിറങ്ങളിലുള്ള പ്രകാശത്തിന് അപവർത്തനം സംഭവിക്കുന്നത് രസമുള്ള കാഴ്ച്ചയായിരുന്നു. ഏകദേശം ഏഴുമണിയായിട്ടുണ്ടാകും. ഗാലറിയിലി രുന്ന് കൊണ്ടാണ് ഞങ്ങൾ എല്ലാം കണ്ടത്. താഴെ ഇറങ്ങിച്ചെന്ന് വെളിച്ചത്തി നൊപ്പം നൃത്തം ചെയ്യുന്നവരുമുണ്ടായിരുന്നു.

അന്നത്തെ കാഴ്ച്ചകളവസാനിപ്പിച്ച് ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി. ഭക്ഷണം കഴിച്ച് റൂമിലെത്തിയിട്ടും ഉറക്കം കിട്ടിയില്ല. യാത്രാക്ഷീണ മൊന്നും അനുഭവപ്പെട്ടില്ല. നീതു ടീച്ചർ ഞങ്ങളോടൊപ്പമായിരുന്നു. കളിതമാശകൾ പറഞ്ഞും പകലത്തെ കാഴ്ചകളും രസങ്ങളും അയവിറക്കിയും നേരം പോയതറി ഞ്ഞില്ല. എപ്പോഴോ ഉറങ്ങി.....

ചാമരാജ വോഡയാർ മഹാരാജാവിന്റെ കാലത്ത് 1982-ലാണ് മൈസൂർ മൃഗശാല സ്ഥാപിക്കപ്പെടുന്നത്. ഇന്ന് രാജ്യത്ത് ഏറ്റവും പ്രശസ്തവും ജന്തു വൈവിധ്യങ്ങളുടെ കലവറയുമായി അറിയപ്പെടുന്ന മൃഗശാലകളിലൊന്നാണിത്. ഒരു പക്ഷേ തെന്നിന്ത്യയിലെ ഏറ്റവും വലുത്. രണ്ടാം ദിവസം ഞങ്ങളുടെ ആദ്യ സന്ദർശനം ഇവിടേയ്ക്കായിരുന്നു. ഏതാണ്ട് ഉച്ചയ്ക്ക് പന്ത്രണ്ട് മണി വരെ ഞങ്ങള വിടെ ചെലവഴിച്ചു.

ജിറാഫിനെ ഞാനാദ്യമായിട്ടാണ് കാണുന്നത്. എത്ര നേരം നോക്കി നിന്നെന്നറിയില്ല. ഓരോ മൃഗത്തേയും അതിന്റേതായ ആവാസവ്യവസ്ഥകളൊ രുക്കിയാണ് സംരക്ഷിച്ചിരിക്കുന്നത്. 'കൂട്' എന്ന തോന്നലുണ്ടാകാത്തവിധത്തിൽ കമ്പിവേലികളും കിടങ്ങുകളും ഉപയോഗിച്ച് ഓരോന്നിനേയും വേർതിരിച്ചിരിക്കു ന്നു. വലിയ കുളങ്ങളിൽ പലയിനങ്ങളിലുള്ള മുതലകൾ. പാമ്പുകൾക്ക് പ്രത്യേക സാമ്രാജ്യം തന്നെയുണ്ട്. പക്ഷികൾക്ക് വേണ്ടി ഒരു കൃത്രിമ ദ്വീപ് തന്നെ ഉണ്ടാ ക്കിയിരിക്കുകയാണ്.

അവിടെ നിന്ന് ഒന്നര മണിക്കൂർ യാത്രയുണ്ട് കുടക് എന്ന കുർഗിലേ ക്ക്. ബാംബു ഫോറസ്റ്റായിരുന്നു ഞങ്ങളുടെ ലക്ഷ്യം. പക്ഷേ, അവിടെ ഉച്ചഭക്ഷണം ഏർപ്പാടാ ക്കിയിരുന്ന ഹോട്ടലിൽ തിരക്കായിരുന്നതിനാൽ ഞങ്ങൾ തിബത്ത ൻ കോളനി സന്ദർശിക്കാൻ തീരുമാനിച്ചു. അതൊരനുഭവം തന്നെയായിരുന്നു. ഹി സ്റ്ററി ക്ലാസി ൽ കേട്ട് മാത്രം പരിചയമുള്ള ബുദ്ധമതത്തേയും ബുദ്ധൻമാരേയും നേ രിട്ട് കാണാനുള്ള ഒരവസരമായിരുന്നു. കോളനിയിലേക്ക് പ്രവേശിക്കുന്ന ഭാഗത്ത്

ചെറിയ ചെറിയ കച്ചവടസ്ഥാപനങ്ങൾ, മധ്യഭാഗത്തായി രണ്ട് മൂന്ന് ക്ഷേത്രങ്ങൾ, ചുറ്റിലും വീടിന്റെ സ്വഭാവമില്ലാത്ത കോൺക്രീറ്റ് കെട്ടിടങ്ങളിൽ ആളുകൾ താമസിക്കുന്നു. ഒരു പ്രത്യേകതരം സന്യാസജീവിതം നയിക്കുന്ന ജനത...

പുഴയാൽ ചുറ്റപ്പെട്ട പ്രദേശത്താണ് ബാംബു ഫോറസ്റ്റ്. വളർന്നു നിൽക്കുന്ന നാനാതരം മുളകളുടെ കലവറ. കാറ്റിലാടുന്ന മുളകളുടെ സംഗീതം കൊണ്ട് മുഖരിതം. ഒരു തൂക്കുപാലത്തിലൂടെയാണ് അങ്ങോട്ട് പ്രവേശിക്കുന്നത്. പുഴയിലിറങ്ങി കുളിക്കാനായിരുന്നു എല്ലാവർക്കും താല്പര്യം...



ഏതാണ്ട് നാലുമണിയോടുകൂടി ഞങ്ങൾ ഹാരംഗി ഡാമിലേക്ക് പുറപ്പെട്ടു. അര മണിക്കൂറോളം യാത്ര ചെയ്താണ് ഹുഡ്ഗൂർ ഗ്രാമത്തിനടുത്തുള്ള ഈ പ്രകൃതി രമണീയമായ സ്ഥലത്തെത്തിയത്. ഡാമിനടുത്തുള്ള ചിൽഡ്രൻസ് പാർക്കാണ് എല്ലാവർക്കും ഏറെ ഇഷ്ടപ്പെട്ടത്. ഒരു മണിക്കൂർ സമയത്തേയ്ക്ക് ഞങ്ങൾ കൊച്ചു കുട്ടികളെപ്പോലെയായി. ഊഞ്ഞാലുകളും സീസോകളും സ്ലൈഡറുകളും റൈഡറുകളുമെല്ലാം ഞങ്ങൾ മതിമറന്ന് ആസ്വദിച്ചു.

രാത്രിയോടെ ഞങ്ങൾ 'പോപ് ഐ' ഡി ജെ പാർക്കിലെത്തി. ഇവിടത്തെ അര മണിക്കൂർ നേരത്തെ ഫയർഡാൻസിൽ എല്ലാവരും ശരിക്കും ത്രില്ലടിച്ചു എന്നു തന്നെ പറയാം. രാത്രിഭക്ഷണത്തിന് വേണ്ടി വീണ്ടും ബാംബു ഫോറസ്റ്റിനടുത്തുള്ള ഹോട്ടലിലേക്ക്....



കുശാൽനഗർ ടൗണിനടുത്തുള്ള നിസർഗധാമ ദ്വീപായിരുന്നു ഞങ്ങളുടെ അവസാന സന്ദർശനസ്ഥലം. രാത്രിയായതിനാൽ ദ്വീപിന്റെ പ്രകൃതിയറിയാൻ കഴിഞ്ഞില്ല. ആർക്കെങ്കിലും എന്തെങ്കിലും വേണമെന്നുണ്ടെങ്കിൽ വാങ്ങാം എന്ന് മണിമാഷ് പറഞ്ഞപ്പോൾ ഷോപ്പിങ്ങിലായി എല്ലാവരുടേയും ശ്രദ്ധ...

രണ്ടുദിവസത്തെ സ്വപ്നതുല്യമായ അനുഭവങ്ങൾക്ക് വിരാമമിട്ട് ബസ്സിലേക്ക് തിരിച്ചു കയറുമ്പോൾ എല്ലാവരിലും ഒരു ഉത്സാഹക്കുറവ് പ്രകടമായിരുന്നു; കരുതിവെച്ച ഊർജ്ജമെല്ലാം തീർന്നുപോയതുപോലെ.... ●

## കാലം, കോലം

തുലാവർഷത്തിലെ മഴയും
മേടമാസത്തിലെ വേനലും
മഞ്ഞണിഞ്ഞ ധനുമാസവും
മാറ്റിമറിക്കുന്ന മനുഷ്യർ

പുഴയ്ക്കും മലയ്ക്കും കുന്നുകൾക്കും
വിധി കല്പിച്ച മനുഷ്യർ
നിൻ വഴി നീ തന്നെ
തീർക്കുന്നു, പ്രകൃതിയെ
വഴിയാധാരമാക്കമൂലം

**അനഘ കെ. പി.**

**8 ബി**

## വിദ്യാലയം

പള്ളിക്കൂടത്തിന്റെ വരാന്തയിൽ
ഏകാന്തയായി ഞാൻ നടന്നു
ഓടിക്കളിച്ചതും തൊട്ടുകളിച്ചതും
ഓടിമറയുന്നു എൻ മുന്നിലൂടെ
വിദ്യാലയത്തോപ്പിൽ വിടർന്ന
വെൺപുഷ്പങ്ങൾ, ഞങ്ങൾ
ഒന്നിച്ച് പൊഴിഞ്ഞപ്പോൾ
അന്ന് കണ്ണീർ ചൊരിഞ്ഞുപോയ്
മറക്കില്ല ഞാനെൻ സുഹൃത്തുക്കളെ
ഓർമകൾ പകർന്നയെൻ സ്വപ്നങ്ങളെ

**ദേവീകൃഷ്ണ കെ. പി.**

**10 എ**

# ജനാല

കഥ　　　　　　　　　　　　മുഹമ്മദ് ഷിഫാസ് വി എം 10D

നല്ല ക്ഷീണം തോന്നുന്നുണ്ട്.

ഒരു വിധത്തിലാണ് ജനാലയ്ക്കരികിലെത്തിയത്. ഇവിടെയിരുന്നാൽ നല്ല ധൈര്യമാണ്. നേരം പോകുന്നതേ അറിയില്ല...

ഇരുട്ടാണെങ്കിലും ജനാലയിലൂടെ നേരെ നോക്കിയാൽ ആ വലിയ ഞാവൽ മരം വ്യക്തമായി കാണാം. അതിന്റെ ബലിഷ്ഠമായ ശിഖരങ്ങൾ ഈ വൃദ്ധയെ കാക്കാനെന്ന വണ്ണം വീടിന് മുകളിലേക്ക് നീണ്ടു നിൽക്കുന്നുണ്ട്. അതിന് താഴെയാണ് അദ്ധേഹത്തിന്റെ ചിതാഭസ്മം അടക്കം ചെയ്തിട്ടുള്ള തുളസിത്തറ....

ആകാശത്ത് വെളിച്ചമൊന്നും കാണാനില്ല. മഴക്കാറുണ്ടെന്ന് തോന്നുന്നു. നല്ല തണുത്ത കാറ്റുമുണ്ട്. ഇന്നെന്തായാലും നല്ല മഴ പെയ്യും....

"അമ്മ എത്ര കാലമെന്ന് വെച്ചാ ഈ വലിയ വീട്ടിലിങ്ങനെ ഒറ്റക്ക് കഴിയുന്നത്....." കഴി ഞ്ഞാഴ്ച്ച മഹേഷ് ബാംഗ്ലൂരുനിന്ന് വന്നപ്പോൾ പറഞ്ഞുകൊ ണ്ടിരുന്നു: "വീടിനാണെങ്കിൽ എത്ര കാലം പഴക്കമുണ്ട്.....വല്ല അപകടവും സംഭവിച്ചാൽ......."

ഇടയ്ക്കെങ്കിലും ഒന്നു വരാനും കാണാനും ഇപ്പോൾ അവൻ മാത്രമേയു ള്ളൂ. മറ്റുള്ളവരെല്ലാം ഫോണിലൂടെ വല്ലപ്പോഴും കേൾക്കുന്ന ശബ്ദരൂപങ്ങൾ മാത്രം...

അതുകൊണ്ടു തന്നെ ഇപ്രാവശ്യം അവൻ വന്ന് ബിസിനസ്സിലെ കടബാധ്യതകളെക്കുറിച്ചും പറമ്പിലെ മരങ്ങൾ മുറിച്ച് വിൽക്കുന്നതിനെക്കുറിച്ചും സംസാരിച്ചപ്പോൾ മറുത്തൊന്നും പറഞ്ഞില്ല.

അദ്ധേഹം വളരെ ശ്രദ്ധയോടെ നോക്കിയുണ്ടാക്കിയ മരങ്ങളാണ്. എല്ലാം പോയി. ഇപ്പോൾ പകൽ സമയത്ത് മുറ്റത്തേക്കിറങ്ങാറില്ല. ചുടലപ്പറമ്പ് പോലെയാണ് ചുറ്റും.

ഈ ഞാവൽമരത്തിന്റെ കാര്യം മാത്രമേ അവനോട് പറഞ്ഞുള്ളൂ: "നിന്റച്ഛനെ ഓർത്ത് അതവിടെ നിർത്തണം.....”

“ അമ്മേ, അപ്പോൾ രണ്ടാഴ്ച കഴിഞ്ഞ് ഞാൻ വരും...” തിരിച്ചു പോകുമ്പോൾ അവൻ പറഞ്ഞു: "അമ്മയ്ക്ക് വേണ്ടി ഫ്ലാറ്റ് ഒഴിവാക്കി ഞാൻ അവിടെ പുതിയ വീട് ബുക്ക് ചെയ്തിട്ടുണ്ട്... കൂടിയാൽ ഒരു വർഷം... ഈ വീട് പൊളിച്ച് പുതിയ വീടിന്റെ പണി കഴിഞ്ഞാലുടൻ നമുക്ക് തിരിച്ചു വരാം...”

ഒർക്കാൻ പോലും വയ്യ...

ഈ വീടിന്റെ അകത്തളങ്ങളിൽ അദ്ധേഹത്തിന്റെ ഗന്ധം തങ്ങി നിൽക്കുന്നുണ്ടിപ്പോഴും. ഒന്നു കാതുകൂർപ്പിച്ചാൽ ആ കാലടിയൊച്ചകൾ കേൾക്കാം...

ഒരു പക്ഷേ അവൻ വീടിന് വിലയുറപ്പിച്ചിട്ടുണ്ടാവും. ആരൊക്കയോ വന്ന് നോക്കിയിരുന്നു. വളരെ വിലപിടിപ്പുള്ളതാണ് ഓരോ വാതിലും കട്ടളകളും പണിതിട്ടുള്ള മരത്തടികൾ....

പുറത്ത് കാറ്റ് ശക്തിയാർജ്ജിച്ചിരിക്കുന്നു. മഴ പെയ്തു തുടങ്ങിയിട്ടുണ്ട്. മുഖത്തും കൈകളിലും ജല ത്തുള്ളികൾ വീഴുന്നു. അദ്ധേഹമെന്തോ പറഞ്ഞതുപോലെ...

എഴുനേൽക്കാൻ തോന്നുന്നില്ല. ഇങ്ങനെയിരുന്നാൽ മതി ഇനിയുള്ള കാലം മുഴുവൻ...

പൊടുന്നനെ ജനൽവാതിലുകൾ ശക്തിയോടെ വന്നടഞ്ഞു. ഞാൻ ഞെട്ടിയില്ലല്ലോ......

പതുക്കെ ജനലുകൾ തുറന്നു നോക്കി. കാറ്റിൽ ഞാവൽമരം ഉറഞ്ഞുതുള്ളുന്നതുപോലെ തോന്നി.

ഓ, കരണ്ട് പോയി....

എന്തായിരിക്കും വലിയൊരു ശബ്ദം കേട്ടത് ; മരങ്ങൾ കടപുഴകി വീഴുന്നതു പോലെ, ആ ഞാവൽമരമെങ്ങാനും.......

സാരമില്ല...

ഇങ്ങനെ കണ്ണടച്ച് കിടക്കുമ്പോൾ നല്ല ആശ്വാസം തോന്നുന്നുണ്ട്.....

●

## *Flowers and Butterfly*

Once there lived a little butterfly. Her name is Glory. One day Glory saw a little flower. Her name is Rozy.

Glory : “Hello, good morning”
Rozy : “Hai, Glory, good morning. My leaf is dry please help me for cutting this leaf.”
Glory : My friend, Lady bird will help you for this”

Glory went fast and told lady bird for help. Lady bird reached and helped Rozy.
Rozy : “Thank you Mrs. Lady bird”
Lady bird ; “Welcome”
And three members became friends..

**ANAMIKA T.S.**
**V B**

# അച്ഛൻ

മുട്ടിലിഴയും നേരം നെഞ്ചോട്
ചേർത്തൊരച്ഛൻ
നിർത്താതെ സ്നേഹം
തേവിത്തരുമെന്നച്ഛൻ
അലറിക്കരയുമ്പോൾ
എൻ തുണയായി വന്നിടുമച്ഛൻ
നോവെന്തെന്നറിയിച്ചിട്ടില്ല
എന്നച്ഛൻ
മോഹമെന്തെന്ന് അറിയുന്നേരം
എൻ മുന്നിലെത്തും
ദൈവമായി കാണുന്നൊരച്ഛൻ
പണി കഴിഞ്ഞെത്തുമ്പോൾ
ക്ഷീണിതനാമെന്നച്ഛനെ
പുൽകിടുംനേരം
എൻ മനസ്സിനുളവാകും
ഒരു സാന്ത്വനം
എൻ ജീവിതം സഫലമായിടും

**അരുൺ പി. വി.** **8 A**

# "ഒരു ചെറു കഥ "

**കഥ** **ബീന ശിവദാസ്, അധ്യാപിക**

"വെള്ളയിൽ നിന്ന പച്ചയിലേക്ക് "
കൈകൾ കോർത്തു പിടിച്ച ഞങ്ങൾ നടന്നപോകുമ്പോൾ, മുന്നിൽ പോയ ഒരാളെ നോക്കി അവൻ ചോദിച്ചു.
"നിനക്കയാളുടെ നിറമെന്താണെന്ന പറയാമോ"
ഞാൻ ഞെട്ടി ! ഇതെന്തിനാ ഒരാളുടെ നിറം ചോദിക്കുന്നെ, നമ്മൾ മറ്റുള്ളവരെ നിറം കൊണ്ട് വേർതിരിച്ച കാണാമോ.. അയാൾ വെളുത്തവനോ.. കറുത്തവനോ.. എന്തുമായിക്കൊള്ളട്ടെ, അയാളുടെ പ്രവൃത്തിയും, സ്വഭാവവും. നോക്കിയല്ലേ ഒരാളെ വിലയിരുത്തുക..
"അല്ല... പൊട്ടി.. ഒരാളുടെ ഓരോ അവസ്ഥ ക്കുമുണ്ട് ഓരോ നിറങ്ങൾ "
"എങ്ങിനെ?" ഞാൻ ചോദിച്ചു.
അവൻ പറഞ്ഞു തുടങ്ങി...
"പണ്ട് അയാൾ ഒരു ചിത്രശലഭമായി പാറി നടന്നിരുന്നു.. നിഷ്കളങ്കമായി ചിരിച്ചും, കരഞ്ഞും, പരിഭവിച്ചും എല്ലാം. നാളെ യിൽ ഉണ്ടാവുന്ന നല്ല കാര്യങ്ങൾ മാത്രം ചിന്തിച്ചു. അന്ന് അയാളുടെ നിറം വെള്ളയായിരുന്നു. ശുവെള്ള..
"അതെയോ "ഞാൻ അന്തം വിട്ടു നിന്നു
"പിന്നീട് അയാൾക്ക് ഒരു പ്രണയിനി ഉണ്ടായി, അവളെ അയാൾ പ്രണയിച്ചു തുടങ്ങി.. ചുറ്റും കാണുന്നതെല്ലാം അഴകുള്ള തായും, സന്തോഷം തരുന്നതായും തോന്നി. ആരും ശ്രദ്ധിക്കാത്ത കാട്ടു ചെടിയിൽ പോലും ഭംഗിയുള്ള പൂക്കൾ ഉള്ളത് പോലെ.. മനസ്സിലെ പൂന്തോട്ടത്തിൽ നിറയെ സുഗന്ധമുള്ള പൂക്കൾ പല വർണങ്ങൾ തീർത്തു. അന്നേരം അയാൾക്ക് പല നിറങ്ങളായിരുന്നു. സ്നേഹത്തിന്റെ, വിരഹത്തിന്റെ അങ്ങിനെ... അങ്ങിനെ... മഴവില്ലിൻ ഏഴ നിറങ്ങൾ... കുറെ കൂടി കഴിഞ്ഞപ്പോൾ ഏഴു നിറങ്ങളും ഒരുമിച്ച പ്രണയത്തിന്റെ ചുവപ്പ് നിറമായി മാറി.."
"ങേ "ചുവപ്പ് നിറമോ? ഞാൻ സംശയിച്ചു?
"അതെ, "
പിന്നീടവർ പിണങ്ങി പിരിഞ്ഞു പോയി. "
"അപ്പോഴോ "?
"അപ്പോൾ അയാൾക്കു നിറമേ ഇല്ലായിരുന്നു. കാരണം അയാളുടെ പൂന്തോട്ടത്തി ലെ പൂവുകൾ എല്ലാം ഒരുമിച്ച കരിഞ്ഞുഉണങ്ങി. പിന്നെ തോരാത്ത മഴയായി.. നിറമില്ലാത്ത മഴ. ഏതു നിറമുള്ള പത്രത്തിൽ വെച്ചാലും ആ നിറം സ്വീകരിക്കുന്ന

വെള്ള മായി മാറി. വേദനയും, ഒറ്റപ്പെടലും അയാളെ ഒരു നിറം സ്വീകരിക്കാൻ തയ്യാറാക്കി. അതു കറുപ്പായിരുന്നു. പിന്നെയാൾ അവളെ തേടി പിടിച്ചു നശിപ്പിച്ചു കളഞ്ഞു. അന്നേരം കടും കറുപ്പുനിറം "

"അയ്യോ "ഞാൻ അറിയാതെ പറഞ്ഞു "
അവൻ തുടർന്നു.. അയാൾക്കു വിധിച്ച ശിക്ഷാകാലയളവിൽ ശാന്തനായി, സമാധാനം ആഗ്രഹിച്ചു, ഒരു തെറ്റ് പോലും ചെയ്യാൻ ആവാത്ത വിധം.. എന്തിനെയും പുഞ്ചിരി യോടെ നേരിടുന്ന കണ്ണന്റെ മേനി പുൽകുന്ന പീതാംബര വർണ്ണ മായി.. അയാളങ്ങി നെ മഞ്ഞയായി.
ഇപ്പോൾ ജയിൽ മോചിതനായി, ചെയ്ത തെറ്റിൽ പശ്ചാതപിച്ചു. ഇളവ് കിട്ടിയ ശിക്ഷ യുടെ മാറാപ്പും താങ്ങി പോവുകയാണ്. ഇപ്പൊ അയാളുടെ ചിന്തയിൽ ബാക്കി ജീവിതം ജീവിച്ചു തീർക്കണം എന്ന നല്ല ചിന്തയെ ഉള്ളൂ.
"നീ നോക്ക് ഇപ്പോൾ അയാളുടെ നിറമെന്താണെന്നു "അവൻ എന്നോട് പറഞ്ഞു മുന്നിൽ പോയ അയാൾ ഒന്ന് വേച്ചു വീഴാൻ തുടങ്ങിയ തു കണ്ടു ഞാൻ അവന്റ കൈ വിടുവിച്ചു ഓടി ചെന്ന് അയാളെ താങ്ങി.. അയാളുടെ മുഖത്തേക്ക് നോക്കി. ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു "പച്ച "അയാൾ ഒരു.പച്ച മനുഷ്യനാണ . തനി പച്ചയായ മനുഷ്യൻ"
ഞാൻ കണ്ണു തുറന്നു ചുറ്റും നോക്കി... ആകെ ഇരുട്ട് അപ്പോഴാണെനിക്ക് മനസിലായതു.. ഞാൻ സ്വപ്നം കാണുകയായിരുന്നുവെന്ന്.

# വിഭവ സമൃദ്ധികളോടെ ശാസ്ത്ര സദ്യ

## റിപ്പോർട്ട്

**തെയ്യാറാക്കിയത് :**
**മനീഷ ഇ എസ് 9A**
**ഐശ്വര്യ എം എസ് 9A**

കടിക്കാട് ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളിന്റെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്ന 2019 ഒക്ടോബർ 25, 26 തിയ്യതികളിലായി നടന്ന ശാസ്ത്രസദ്യ. രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക ഭരണ രംഗങ്ങളിലെ പ്രമുഖ വ്യക്തികൾ വിവിധ സെഷനുകളിലായി പങ്കെടുത്ത പരിപാടികൾ സമീപത്തെ സ്കൂളുകളിലെ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.




'ഞങ്ങൾ ശാസ്ത്രജ്ഞർ' എന്ന മൂന്ന് വർഷം നീണ്ടു നിൽക്കുന്ന ഒരു പദ്ധതിയാണ് ഈ പരിപാടികളിലൂടെ പ്രധാനമായും സമർപ്പിക്കപ്പെട്ടത്. എട്ടാം ക്ലാസിലേക്ക് പ്രവേശനം നേടുന്ന ഒരു കുട്ടി പത്താംക്ലാസ് പൂർത്തിയാക്കുന്നതിനിടയിലെ മൂന്ന് വർഷങ്ങൾകൊണ്ട് പ്രധാനപ്പെട്ട എല്ലാ ശാസ്ത്രപരീക്ഷണങ്ങളും സ്വയം നടത്താൻ പ്രാപ്തിനേടുകയും ഒരു പരീക്ഷണമെങ്കിലും സ്വന്തമായി ആവിഷ്കരിക്കുകയും ചെയ്യുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

25-ന് വെള്ളി രാവിലെ പത്ത് മണിക്ക് പരിപാടികൾ ബഹുമാനപ്പെട്ട ഗുരുവായൂർ എം എൽ എ ശ്രീ കെ വി അബ്ദുൽഖാദർ ഉദ്ഘാടനം ചെയ്തു. പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ എ ഡി ധനീപ് അദ്ധ്യക്ഷനായിരുന്നു. 'ഞങ്ങൾ ശാസ്ത്രജ്ഞർ' പദ്ധതി എട്ടാം ക്ലാസ് വിദ്യാർത്ഥി അഭിനവിന് ഫയൽ നൽകിക്കൊണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർ ടി എ ആയിഷ ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഗ്രൗണ്ടിൽ സജ്ജീകരിച്ച വിശാലമായ പന്തലിൽ ശാസ്ത്രപാർക്ക്, ശാസ്ത്രപ്രദർശനം, ഫുഡ്ഫെസ്റ്റ് എന്നിവയ്ക്ക് പ്രത്യേക പവലിയനുകൾ ഒരുക്കിയിരുന്നു.

ഗഹനമായ ശാസ്ത്രതത്വങ്ങൾ ഏവർക്കും ലളിതമായ രീതിയിൽ പരീക്ഷിച്ചറിയാനുദ്ദേശിച്ചുള്ള തായിരുന്നു ശാസ്ത്രപാക്ക്. ശാസ്ത്രപ്രദശനത്തിൽ തൃശ്ശൂർ വെറ്റിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടേയും കൃഷി വിജ്ഞാന കേന്ദ്രത്തിന്റേയും പ്രത്യേക സ്റ്റാളുകൾ ഉണ്ടായിരുന്നു. കുട്ടികൾ രക്ഷിതാക്കളുടെ സഹായത്തോടെ നടത്തിയ ഫുഡ് ഫെസ്റ്റ് രുചിഭേദങ്ങളുടെ നവ്യാനുഭമായി.

വെള്ളിയാഴ്ച്ച ഉച്ചയ്ക്ക് ഇടവേളയിൽ നടന്ന കുട്ടികളെ ആവേശം കൊള്ളിച്ച ചെണ്ടമേളം, പരിപാടിയുടെ ഒരു വിളംബരമായി ആളുകളെ ആകർഷിച്ചു. ഉച്ച്യ്ക്ക് ശേഷം എരുർ പി കെ ബാബുവും ടീമും നയിച്ച കരോക്ക ഗാനമേള നടന്നു.





26-ന് ശനി രാവിലെ പത്ത് മണിക്ക് 'മനുഷ്യജീവിതത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് 'എന്ന വിഷയത്തിൽ ശാസ്ത്രസെമിനാർ നട ന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് സംസ്ഥാന സെക്രട്ടറി മനോജ്കുമാർ വി ചർച്ച നയിച്ചു.

ഉച്ചയ്ക്ക് 'കുട്ടികളോടൊപ്പം ഒരു നേര ത്തെ ഊണ് 'പരിപാടിയിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും മറ്റ് ക്ഷണിക്കപ്പെട്ടവർ ക്കും വിഭവസമൃദ്ധമായ സദ്യ നടന്നു. ബഹുമാനപ്പെട്ട കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ ശ്രീ എം കെ സക്കീർ വിശിഷ്ടാതിഥിയായി എത്തി.

തുടർന്ന് നടന്ന പരിപാടിയിൽ വിവിധ മേഖലകളിൽ കഴിവുതെളിയിച്ച കുട്ടികളെ ആദരിച്ചു. സ്കൂൾ വിദ്യാർത്ഥികൾ തെയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ശ്രീ എം കെ സക്കീർ പ്രകാശനം ചെയ്തു.




ഉച്ചയ്ക്ക് ശേഷം കോമഡി ഉത്സവം ഫെയിം ശ്രീ മണികണ്ഠൻ പെരുമ്പടപ്പിന്റെ നേതൃത്വത്തിൽ വെള്ളറക്കാട് പന്തിരുകുലം അനുഷ്ഠാന കലാസംഘം നാടൻപാട്ട് അവതരിപ്പിച്ചു. അതോടെ രണ്ടുദിവസത്തെ ശാസ്ത്രോത്സവത്തിന് സമാപനമായി.

നവംബർ മാസം സംഘടിപ്പിക്കുന്ന സൗജന്യ കമ്പ്യൂട്ടർ ഹാർഡ് വെയർ-ഇലക്ട്രിക്കൽ വർക്ക് ഷോപ്പിലും LSS-USS പരീക്ഷകളുടെ സൗജന്യ പരിശീലന പരിപാടിക്ക് മുന്നോടിയായുള്ള മോക്ക് ടെസ്റ്റിലും പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷനും രണ്ട് ദിവസങ്ങൾക്കിടയിൽ നടന്നു.

## വേട്ടക്കാരൻ

മനുഷ്യനാണിന്നത്തെ വേട്ടക്കാരൻ
സർവ്വതും നശിപ്പിച്ച കൂട്ടുകാരൻ
നന്മയെ മറന്നൊരാ തലമുറ
സൃഷ്ടിച്ചതെന്തിന് പുണ്യനാം ഈശ്വരാ ....
കരുണയില്ലാ....ദയയില്ലാ .......
ഹിംസയ്ക്കടിമയാം മനുഷ്യന്
നല്ലതു ചെയ്യാൻ പഠിപ്പിച്ചൊരമ്മ
ഇന്നീ ജനതയ്ക്ക്
കാലിനിടയിലേ
തടയും വള്ളിയായ്......

**ഫിദ നെഹ്റീൻ കെ വൈ, 8 ഇ**

## കേരളം

*ശോഭയേറും മണിത്തങ്കച്ചിലങ്ക*
*എന്റെ നാട്*
*വെള്ളിയരഞ്ഞാണം പോലെ*
*വെട്ടിത്തിളങ്ങുന്ന നാട്*
*ചന്തമേറും പൂക്കൾ*
*നിറഞ്ഞ നാട്*
*നമ്മുടെ കൊച്ചു നാട്*
*കളകളമൊഴുകും നദീതടങ്ങൾ*
*നിറഞ്ഞ നാട്*
*ഭംഗിയേറും മയിലുകൾ*
*പറക്കുന്ന നാട്*
*നീലക്കുറിഞ്ഞികൾ*
*പൂക്കുന്ന നാട്*
*എന്റെ കൊച്ചു കേരളം*

**ഫാത്തിമ നസ്റിൻ, 4 എ**

ഈ
ഇതളുകൾ
പൊഴിയാതെ
സൂക്ഷിക്കണേ...